പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *63** 30-10-2019-ലെ മറുപടി

**കാര്യക്ഷമമായ ജലവിഭവ വിനിയോഗം**

ചോദ്യം

ശ്രീ.ബി.ഡി. ദേവസ്സി
ശ്രീമതി യു. പ്രതിഭ
ശ്രീ.കെ. ആൻസലൻ
ശ്രീ.കെ.ബാബു

മറുപടി

കെ.കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | കാലാവസ്ഥാ വ്യതിയാനം കൊണ്ട് അതിവൃഷ്ടി ആവർത്തിക്കുന്ന സാഹചര്യത്തിൽ പ്രളയ നിയന്ത്രണത്തിനും ജലവിഭവത്തിന്റെ കാര്യക്ഷമമായ വിനിയോഗം ഉറപ്പാക്കുന്നതിനുമായി അണക്കെട്ടുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ; | എ) | ഉണ്ട്. മണിമല, പെരിയാർ,ചാലിയാർ, ചാലക്കുടി, മീനച്ചിൽ, അട്ടപ്പാടി വാലി ജലസേചന പദ്ധതി, കടമാൻതോട് പദ്ധതി, പമ്പാ - അച്ചൻകോവിൽ തുടങ്ങിയ വെള്ളപ്പൊക്ക നിയന്ത്രണ അണക്കെട്ടുകൾ നിർമ്മിക്കാൻ ആലോചിക്കുന്നുണ്ട്. ചാലക്കുടി പുഴയിൽ ഇത് സംബന്ധിച്ച സാധ്യതാ പഠനം പൂർത്തിയായിട്ടുണ്ട്. അട്ടപ്പാടി വാലി ജലസേചനപദ്ധതിയുടെ വിശദ പദ്ധതി രേഖയും പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ളവയുടെ സാധ്യതാപഠനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| ബി) | പ്രളയഫലമായി ജലസംഭരണികളുടെ ശേഷിയിൽ ഗണ്യമായ കുറവു വന്നത് പുനഃസ്ഥാപിക്കാനായി ചെളിയും മണ്ണും നീക്കംചെയ്യുവാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | ബി) | കേരളത്തിലെ ഡാമുകളിലും റിസർവോയറുകളിലും കെട്ടിക്കിടക്കുന്ന ചെളിയും എക്കലും മണലും നീക്കം ചെയ്ത് ഡാമുകളുടെ സംഭരണശേഷി പൂർവ്വ രൂപത്തിലാക്കുന്നതിനും, ലഭിക്കുന്ന മണൽ, ചെളി എന്നിവ പ്രയോജനപ്പെടുത്തുവാനും ഒരു സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) സ.ഉ(കൈ) നം. 79/2017/ഡബ്ല്യു.ആർ.ഡി തീയതി 26/09/2017 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. SOP പ്രകാരം അണക്കെട്ടുകളുടെ സംഭരണശേഷി പൂർവ്വസ്ഥിതിയിലാക്കുക, കൂടാതെ മണൽ ക്ഷാമം പരിഹരിക്കുക എന്നിവയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. SOP യിൽ പറഞ്ഞിരിക്കുന്ന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പൈലറ്റ് പദ്ധതികളായി |

| | | | |
|---|---|---|---|
| | | | മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡീസിൽറ്റിംഗ് നടത്തുവാൻ അംഗീകാരം ലഭിച്ചിട്ടുണ്ട്. DPR ചീഫ് സെക്രട്ടറി ചെയർമാനായുള്ള empowered committee യുടെ രണ്ടാം യോഗത്തിൽ അംഗീകരിക്കുകയും ചെയ്തു. |
| സി) | ദീർഘകാലമായി പണി പൂർത്തിയാകാതെ കിടക്കുന്ന വൻകിട ജലസേചന പദ്ധതികൾ പൂർത്തിയാക്കാനുള്ള സത്വര നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | സി) | ഉണ്ട്. കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശത്തിൽ രൂപവൽകരിച്ച ടെക്നിക്കൽ കമ്മിറ്റി മൂവാറ്റുപുഴ, ഇടമലയാർ, കാരാപ്പുഴ, ബാണാസുര സാഗർ എന്നീ പദ്ധതികൾ സന്ദർശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ -<br><br>മൂവാറ്റുപുഴ പദ്ധതി 2020 മാർച്ചിൽ കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ഇടമലയാർ പദ്ധതിയിൽ ഉൾപ്പെട്ട ലിങ്ക് കനാലിന്റെ ശേഷിക്കുന്ന ഭാഗം (2 കി. മീറ്ററിനു ശേഷം) നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പ്ലാനിംഗ് ബോർഡിന്റെ പരിഗണനയിലാണ്.<br><br>കാരാപ്പുഴ പദ്ധതിയിൽ ഘട്ടങ്ങളായി തിരിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശത്തിന് അനുസൃതമായി ചെയ്യേണ്ട പ്രവൃത്തികളുൾപ്പെടുത്തിയ ആദ്യഘട്ടം 31/05/2021ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.<br><br>ബാണാസുരസാഗർ പദ്ധതി 2022 വർഷത്തിൽ ഭാഗികമായി കമ്മീഷൻ ചെയ്യാൻ ഉദ്ദേശിച്ച് പ്രവൃത്തികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ